അൻപതു നാളുകൾ തമ്പുരാനേ നിൻ
നൊമ്പരമോർത്തുരുകി കരയാൻ
അൻപിനാലെൻ ദൈവം
എൻ പേർക്കായ് സഹിച്ച
വൻപെഴും ത്യാഗത്തെ ഓർത്തു വാഴ്ത്താൻ
അൻപതു നാളുകൾ തമ്പുരാനേ നിൻ
നൊമ്പരമോർത്തുരുകി കരയാൻ

ഉരുകിയുരുകി മെഴുതിരി പോലെ
ഉള്ളം തെളിയാനീ നാളുകൾ (2 )
നോമ്പിൻ വിശുദ്ധമാം നാളുകൾ ....
നാഥൻ നമുക്കേകി ദാനമായ് (2)

അൻപതു നാളുകൾ തമ്പുരാനേ നിൻ
നൊമ്പരമോർത്തുരുകി കരയാൻ

പഴയ മാനുജന്റെ ഭാവങ്ങളാകും
നീച ശീലങ്ങൾ അഴിച്ചുമാറ്റാൻ (2)
കുരിശിൽ എന്നെ ചേർത്തങ്ങു തറച്ചോ

അനുതാപിയാകട്ടെ ഞാനും (2)

അൻപതു നാളുകൾ തമ്പുരാനേ നിൻ
നൊമ്പരമോർത്തുരുകി കരയാൻ

വേറോനിയെപോൽ അങ്ങയെ തേടി
കാത്തു നില്ൽക്കുന്നു ഞാൻ യേശുനാഥാ (2 )
ഹൃദയ തൂവാലയിൽ തിരുമുഖം
പതിയാൻ ഇടയാക്കണേ ദിവ്യ നാഥാ (2)

അൻപതു നാളുകൾ തമ്പുരാനേ നിൻ
നൊമ്പരമോർത്തുരുകി കരയാൻ
അൻപിനാലെൻ ദൈവം
എൻ പേർക്കായ് സഹിച്ച
വൻപെഴും ത്യാഗത്തെ ഓർത്തു വാഴ്ത്താൻ
അൻപതു നാളുകൾ തമ്പുരാനേ നിൻ
നൊമ്പരമോർത്തുരുകി കരയാൻ